28-05-2023

**SUNDAY** **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**


**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–28/05/2023.

1. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" കാർഷികമേളയുടെ സമാപനദിവസമായ ഇന്ന് രാവിലെ സ്കൂൾ കുട്ടികൾക്കായി ഓലകൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന പരിശീലനം ഉണ്ടായിരിക്കും. വൈകിട്ട് 4 മണിക്ക് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ നടക്കുന്ന സമാപന സമ്മേളനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും.

2. പി എം കിസാൻ പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിനായി 2023 മെയ് 31 ന് മുമ്പായി പദ്ധതി ഗുണഭോക്താക്കൾ .ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കേണ്ടതും പി എം കിസാൻ പോർട്ടൽ (pmkisan.gov.i ) അക്ഷയ, സി എസ് സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ, കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള ആൻഡ്രോയിഡ് അപ്ലിക്കേഷൻ വഴി e -KYഇ ചെയ്യേണ്ടതുമാണ്. റവന്യൂ വകുപ്പിന്റെ ReLIs പോർട്ടലിൽ ഭൂമി വിവരങ്ങൾ ഉള്ളവർ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ നേരിട്ടോ, അക്ഷയ / പൊതുസേവന കേന്ദ്രങ്ങൾ വഴിയോ അടിയന്തരമായി ചേർക്കേണ്ടതാണ്. ReLIs പോർട്ടലിൽ ഭൂമി സംബന്ധിച്ച് വിവരങ്ങൾ ഇല്ലാത്തവർ, ഭൂമി വിവരങ്ങൾ ലഭ്യമാണെങ്കിലും ഇതുവരെ ഓൺലൈൻ സ്ഥലവിവരം നൽകാൻ കഴിയാത്തവർ അപേക്ഷയും 2018 – 2019 ലെയും നിലവിലെയും കരമടച്ച രസീതും നേരിട്ട് കൃഷി ഭവനിൽ നൽകി ഭൂമി സംബന്ധിച്ച വിവരങ്ങൾ പി എം കിസാൻ പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **1800–425–1661** എന്ന ടോൾ ഫ്രീ നമ്പരിലോ, **0471–2304022 ; 0471–2964022** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക. മെയ് 27 വരെ അക്ഷയ കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നു.

3. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ കരുമാലൂർ കരിമീൻ വിത്തുല്പാദക കർഷക സംഘം ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങളുടെ വില്പന കേരള അഗ്രോ ഇൻഡിസ്ട്രീസ് കോർപറേഷൻ -കെയ്കോയുടെ അങ്കമാലി അത്താണിയിലുള്ള വിപണന

കേന്ദ്രത്തിൽ നിന്നും ആരംഭിച്ചു. കെയ്കോയുടെ 0484-2474267, 8547721150 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് എല്ലാ മാസവും ആദ്യത്തെ വ്യാഴാഴ്ച രാവിലെ 10 മണിക്ക് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതാണ്. അൻപത് കുഞ്ഞുങ്ങൾ കൊള്ളുന്ന ഓക്സിജൻ നിറച്ച ബാഗുകളിലാണ് വിതരണം. 2 മുതൽ 3 സെന്റീ മീറ്റർ വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്ക് ബാഗൊന്നിനു 345 രൂപയും 4 മുതൽ 5 സെന്റി മീറ്റർ വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്ക് ബാഗൊന്നിന് 575 രൂപയുമാണ് വില. 20 ബാഗിൽ കൂടുതൽ ബുക്ക് ചെയ്യുന്ന കർഷകർക്ക് എറണാകുളം ജില്ലയിലെവിടേയും കൃഷിയിടത്തിൽ എത്തിച്ചുകൊടുക്കുന്നതാണ്.

4. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

5. പാലക്കാട് ജില്ലയിലെ തെക്കുംമുറിയിൽ പ്രവർത്തിക്കുന്ന കൃഷിവിജ്ഞാനകേന്ദ്രത്തിൽ മോഹിത് നഗർ കമുകിൻ തൈകൾ തൈ ഒന്നിന് 35 രൂപ നിരക്കിൽ ഈ മാസം 29 മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് **0466-2212279, 2912008, 6282937809** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. ലോക ക്ഷീരദിനാചരണത്തിന്റെ ഭാഗമായി പാലിന്റെയും പാലുത്പന്നത്തിന്റെയും ക്ഷീരവ്യവസായത്തിന്റെയും പ്രാധാന്യം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ മാസം 29 ന് (29.05.2023) കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. രാവിലെ 10.30ന് എൽ.പി.വിഭാഗം വിദ്യാർത്ഥികൾക്ക് ചിത്രരചന (ക്രയോൺസ്), യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് ചിത്രരചന (വാട്ടർ കളർ), ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പെൻസിൽ ഡ്രോയിങ് എന്നിവയും ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പ്രബന്ധരചന എന്നിവ ഉണ്ടായിരിക്കുന്നതാണ്. ചിത്രരചനാ മത്സരത്തിൽ പങ്കെടുക്കുന്നവർ ക്രയോൺസ്, പെൻസിൽ, വാട്ടർ കളർ എന്നിവ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

**പരിശീലനം**

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് **റബ്ബറിന് വളമിടുന്നതിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു. ജൂൺ 2 -ന് ഉച്ചയ്ക്ക്ശേഷം 2.30 മുതൽ 4.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812351313** വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഈ മാസം 29-ന് (29.05.2023) രാവിലെ 10 മണി മുതൽ **"ജലസംരക്ഷണ മാർഗ്ഗങ്ങൾ"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽ നടത്തിവരുന്ന, ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ **04812353127, 7306464582** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.